**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.365. 30.11.2015 ൽ മറുപടിയ്ക്ക്.**

**<u>മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്</u>**

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ<br>" ഐ.സി.ബാലകൃഷ്ണൻ<br>" സണ്ണി ജോസഫ്<br>" വർക്കല കഹാർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | 1 മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.<br>2 ദേശീയപാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനകൾക്ക് പ്രത്യേക ഊന്നൽ നൽകുക.<br>3 വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.<br>4 ജി ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുക.<br>5 പെർമിറ്റ് നിബന്ധനകൾക്ക് |

| | | | |
|---|---|---|---|
| | | | വിരുദ്ധമായി ഇന്റർ സ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക. |
| (സി) | ഇത് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും അതിന് കീഴിൽ 39 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. മേഖലാതലത്തിൽ നാല് ആർ.ടി.ഒ. മാർക്കാണ് ഇതിന്റെ ചുമതല. സംസ്ഥാന തലത്തിൽ എൻഫോഴ്സ്-മെന്റ് നടപടികൾ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ് ) ആണ് ഏകോപിപ്പിക്കുന്നത്. ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും 2 അസിസ്റ്റന്റ് മോട്ടോർവെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ഓരോ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ആണ് ഉള്ളത്. ഗതാഗത കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1 ഉം 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാരുടെ കീഴിൽ 4 ഉം നാഷണലൈസ്ഡ് സെക്ടർ ആർ.ടി.ഒ. ഒഴികെയുള്ള 17 ആർ.ടി.ഒ.മാരുടെ കീഴിൽ 34 ഉം സ്ക്വാഡുകൾ ആണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ.